ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.

   **The campaigning for the second phase of assembly elections in West Bengal will end today. Voting will take place the day after tomorrow.**

2. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **President Draupadi Murmu's five-day visit to Himachal Pradesh will begin today.**

3. ആഗോള സമാധാനത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത ഷാങ്ഹായ് കോപ്പറേഷൻ ഓർഗനൈസേഷൻ യോഗത്തിൽ ഉയർത്തിക്കാട്ടുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **India's commitment to global peace will be highlighted at the Shanghai Cooperation Organization meeting, says Defence Minister Rajnath Singh.**

4. ഇറാനും അമേരിക്കയും തമ്മിലുള്ള വെടിനിർത്തൽ ചർച്ചകൾ പുനരാരംഭിക്കാനുള്ള ശ്രമം ഇസ്ലാമാബാദിൽ തുടരുന്നു.

   **Efforts to resume ceasefire talks between Iran and the US continue in Islamabad.**

5. തൃശൂർ മു ണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ ഒരാൾകൂടി മരിച്ചതോടെ മരണസംഖ്യ 17 ആയി.
   **One more person died in a firework accident in Thrissur's Mundathikode, taking the death toll to 17.**
6. **ISSF** ഷൂട്ടിംഗ് ജൂനിയർ ലോകകപ്പിൽ 16 മെഡലുകളുമായി ഇന്ത്യ ഒന്നാമത്.
   **India tops ISSF Shooting Junior World Cup with 16 medals.**

**********************

## WB - CAMPAIGNING (INTRO)

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. മറ്റന്നാൾ 142 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുക.

**ഒരു റിപ്പോർട്ട്...**

*പശ്ചിമ ബംഗാളിൽ അവസാന ഘട്ട തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് വൈകുന്നേരം അവസാനിക്കും. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ജഗത്ദാലിലെ ജിലേപി മഠിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. ബിജെപി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ബെഹാല താനയിലും ഹൂഗ്ലിയിലെ ചന്ദനഗർ ബാഗ്ബസാറിലും റോഡ് ഷോകൾ നടത്തും. തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി സ്വന്തം മണ്ഡലമായ ഭബാനിപൂരിൽ പൊതുജനസമ്പർക്ക പരിപാടി നടത്തും. തൃണമൂൽ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി റാണഘട്ട്, ഹൂഗ്ലി, അരാംബാഗ്, മഹേഷ്ഥല എന്നിവിടങ്ങളിൽ പ്രചാരണത്തിനെത്തും.*

*രണ്ടാം ഘട്ട വോട്ടെടുപ്പിനായി കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. വോട്ടെടുപ്പ് തടസ്സപ്പെടുത്താനോ വോട്ടർമാരെ സ്വാധീനിക്കാനോ ഉള്ള ഏതൊരു ശ്രമത്തെയും കർശനമായി നേരിടുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഈ മാസം 23 ന് നടന്ന ആദ്യ ഘട്ട വോട്ടെടുപ്പിൽ പശ്ചിമ ബംഗാളിൽ 93.19 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിരുന്നു. മെയ് 4 നാണ് വോട്ടെണ്ണൽ.*

*ന്യൂസ്ഡെസ്ക് ആകാശവാണി....*

*********************

## PREZ-HP VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. വേനൽക്കാല വസതിയായ ഷിംലയിലെ രാഷ്ട്രപതി നിവാസിലാകും ശ്രീമതി മുർമു തങ്ങുക. ബുധനാഴ്ച ഷിംല ലോക് ഭവനിൽ ഹിമാചൽ പ്രദേശ് ഗവർണർ ഒരുക്കുന്ന വിരുന്നിൽ രാഷ്ട്രപതി പങ്കെടുക്കും. വ്യാഴാഴ്ച രാഷ്ട്രപതി അടൽ തുരങ്കം

സന്ദർശിക്കും. സന്ദർശനത്തിന്റെ അവസാന ദിവസം രാഷ്ട്രപതി ഷിംലയിലെ ആർമി ട്രെയിനിംഗ് കമാൻഡിലും സന്ദർശനം നടത്തും.

**********************

## VP VISIT-ANDHRA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ആന്ധ്രാപ്രദേശിലെത്തും. ഇന്ന് വൈകുന്നേരം വിശാഖപട്ടണത്ത് നടക്കുന്ന ആന്ധ്രാ സർവകലാശാലയുടെ ശതാബ്ദി ആഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

**********************

## PM-SIKKIM+UP VISIT

പ്രധാനമന്ത്രിയുടെ സിക്കിം-ഉത്തർപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഇന്ന് ഗാങ്ടോക്കിലെത്തുന്ന

പ്രധാനമന്ത്രി സിക്കിമിന്റെ 50-ാം സംസ്ഥാന രൂപീകരണ സമാപന ചടങ്ങിലും വിവിധ വികസന പരിപാടികളിലും പങ്കെടുക്കും. ഇന്ന് ഉച്ചയ്ക്ക് ബിരാലു ദ്വാരിൽ നിന്ന് എംജി മാർഗ് വരെ റോഡ് ഷോ നടത്തുന്ന പ്രധാനമന്ത്രി

നാളെ ഉത്തർപ്രദേശിൽ എത്തും.

**********************

## RAJNATH-SCO MEETING

ഷാങ്ഹായ് കോപ്പറേഷൻ ഓർഗനൈസേഷൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ കിർഗിസ്ഥാനിലെ ബിഷ്കെക്കിലെത്തും. ലോകത്ത് നിലനിൽക്കുന്ന സുരക്ഷാ വെല്ലുവിളികൾക്കിടയിൽ ആഗോള സമാധാനത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത യോഗത്തിൽ ഉയർത്തിക്കാട്ടുമെന്ന്

സാമൂഹ്യ മാധ്യമ പോസ്റ്റിൽ അദ്ദേഹം വ്യക്തമാക്കി.
ബിഷ്കെക്കിൽ SCO അംഗരാജ്യങ്ങളിലെ പ്രതിരോധ മന്ത്രിമാരുമായും അവിടെയുള്ള ഇന്ത്യൻ സമൂഹവുമായും കൂടിക്കാഴ്ചകൾ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

**********************

## BJP-AAP RAJYA SABHA MP

രാജ്യസഭയിൽ ബിജെപി എംപി മാരുടെ അംഗബലം 113 ആയി ഉയർന്നു. ആം ആദ്മി പാർട്ടിയിൽ നിന്ന് രാജിവെച്ച ഏഴ് എംപിമാരെ ബിജെപിയിൽ ഉൾപ്പെടുത്തുന്നതിന് സഭാധ്യക്ഷനും ഉപരാഷ്ട്രപതിയുമായ സി.പി. രാധാകൃഷ്ണൻ അംഗീകാരം നൽകിയതായി കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സാമൂഹ്യ മാധ്യമത്തിൽ അറിയിച്ചു. ഇതോടെ രാജ്യസഭയിൽ ആം ആദ്മി പാർട്ടി എംപിമാരുടെ എണ്ണം മൂന്നായി കുറഞ്ഞു.

**********************

## INDIA-NZ FTA

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെക്കുന്നതിനുള്ള ചർച്ച കേന്ദ്ര മന്ത്രി പിയൂഷ് ഗോയലിൻറെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ആരംഭിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം അഞ്ച് ബില്യൺ ഡോളറായി ഇരട്ടിയാക്കാനാണ് ലക്ഷ്യമിടുന്നത്. സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ കരാർ.

**********************

## TRUMP - WHITE HOUSE DINNER

വൈറ്റ് ഹൗസ് കറസ്പോണ്ടന്റ്സ് വാർഷിക വിരുന്ന്, 30 ദിവസത്തിനുള്ളിൽ വീണ്ടും നടത്തണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ശനിയാഴ്ച വൈകിട്ട് വാഷിംഗ്ടണിലെ ഒരു ഹോട്ടലിൽ ട്രംപ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും മാധ്യമപ്രവർത്തകരും പങ്കെടുത്ത ഡിന്നറിനിടെ വെടിവെപ്പ് നടന്ന പശ്ചാത്തലത്തിലാണ് പരിപാടി താമസിയാതെ വീണ്ടും നടത്താൻ അദ്ദേഹം ആവശ്യപ്പെട്ടത്. ഭാവിയിൽ ഇത്തരം പരിപാടികളിൽ

സുരക്ഷ ഉറപ്പാക്കാൻ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കുമെന്ന് ട്രംപ് പറഞ്ഞു.

**********************

## DESIGN DAY

ഇന്ന് അന്താരാഷ്ട്ര ഡിസൈൻ ദിനം. 1963 ഏപ്രിൽ 27-ന് ഇന്റർനാഷണൽ കൗൺസിൽ ഓഫ് ഡിസൈൻ സ്ഥാപിതമായതിന്റെ സ്മരണാർത്ഥമാണ് ലോകമെമ്പാടും ഈ ദിനം ആഘോഷിക്കുന്നത്. ഡിസൈനിന്റെ മൂല്യത്തെയും മാറ്റങ്ങൾ കൊണ്ടുവരാനുള്ള അതിന്റെ കഴിവിനെയും തിരിച്ചറിയാനുള്ള ഒരവസരമാണ് ഈ ദിവസം. "ഇടവേളകളിലെ ഇടങ്ങൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം.

**********************

## IRAN FM-PAK

ഇറാനും അമേരിക്കയും തമ്മിലുള്ള വെടിനിർത്തൽ ചർച്ചകൾ പുനരാരംഭിക്കാൻ പാകിസ്ഥാന്റെ നേതൃത്വത്തിൽ ശ്രമം തുടരുന്നു. ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി ഇന്നലെ ഇസ്ലാമാബാദിൽ തിരിച്ചെത്തി. നേരത്തെ ഇറാൻ വിദേശകാര്യ മന്ത്രി ഇസ്ലാമാബാദിൽ നിന്ന് മടങ്ങിയതിനു തൊട്ടുപിന്നാലെ, ഇറാന്റെ നിസ്സഹകരണം കാരണം ദൗത്യം റദ്ദാക്കിയതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചിരുന്നു. യുഎസ് പ്രസിഡന്റ് നയതന്ത്ര ചർച്ചകളെ ഗൗരവത്തോടെയാണോ സമീപിക്കുന്നത് എന്നത് വ്യക്തമല്ലെന്ന് അരാഗ്ചി പ്രതികരിച്ചു.

**********************

## IRAN US LEVERAGE

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അവകാശവാദങ്ങളെ എതിർക്കാനും അമേരിക്കയുടെ സമ്മർദ്ദങ്ങളെ ചെറുക്കാനും ഇറാന് ഇപ്പോഴും ശേഷിയുണ്ടെന്ന് സ്പീക്കർ മുഹമ്മദ് ബാഗർ ഗാലിബാഫ്. ഹോർമുസ്, ബാബ് എൽ-മണ്ടേബ് കടലിടുക്കുകൾ, പൈപ്പ്ലൈനുകൾ എന്നിവയുൾപ്പെടെയുള്ള ഇറാന്റെ ഇന്ധന വിതരണ മേഖലകൾ യുഎസിനെ ശക്തമായി പ്രതിരോധിക്കുമെന്ന് ഗാലിബാഫ് വ്യക്തമാക്കി. വേനൽക്കാലം

എണ്ണ ആവശ്യകതയുടെ ഏറ്റവും ഉയർന്ന സീസണാണെന്നും ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ മേഖലയിൽ കൂടുതൽ ആഘാതം സൃഷ്ടിക്കുമെന്നും ഗാലിബാഫ് അറിയിച്ചു.

**********************

## Neelakurinji-Idukki (INTRO)

പെരിയാർ കടുവ സങ്കേതത്തിൽ ആദ്യമായി നീലക്കുറിഞ്ഞി പൂത്തു. സങ്കേതത്തിനുള്ളിലെ മംഗളാദേവി വനമേഖലയിലാണ് പന്ത്രണ്ട് വർഷത്തിലൊരിക്കൽ വിരിയുന്ന നീലവസന്തം ദൃശ്യമായത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

**********************

## Mundathikode Death

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾകൂടി മരിച്ചു. വടക്കാഞ്ചേരി കുണ്ടന്നൂർ സ്വദേശി രാഗേഷ് ആണ് മരിച്ചത്. ഇതോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി.

**********************

## IMD KERALA

കേരളത്തിൽ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കി , വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അതേസമയം, കനത്ത ചൂടിന് ആശ്വാസം പകർന്ന് വിവിധ ജില്ലകളിൽ ഇന്നലെ വേനൽമഴയെത്തി. വരുംദിവസങ്ങളിലും സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്.

**********************

## NIA - WB BOMB

പശ്ചിമബംഗാളിലെ ചൽതബേരിയയിലെ ബമുനിയയിൽ ബോംബ് സ്ഫോടനക്കേസുമായി ബന്ധപ്പെട്ട് ഒരാൾ അറസ്റ്റിലായി. പ്രതിയായ വാഹിദുൽ ഇസ്ലാം മൊല്ല സംഭവത്തിൽ നേരിട്ട് പങ്കാളിയാണെന്ന് എൻ ഐ എ വ്യക്തമാക്കി. ബോംബ് നിർമാണ പ്രക്രിയയയുമായി ബന്ധപ്പെട്ട് ഒരു തൃണമൂൽ

പ്രവർത്തകൻ കൊല്ലപ്പെട്ടതായും  അന്വേഷണ സംഘം അറിയിച്ചു. കേസിൽ  എൻ ഐ എ അന്വേഷണം തുടരുകയാണ്.

**********************

## ISSF SHOOTING FIN

കെയ്റോയിൽ നടന്ന ഐഎസ്എസ്എഫ് (ISSF) ഷൂട്ടിംഗ് ജൂനിയർ ലോകകപ്പിൽ 16 മെഡലുകളുമായി ഇന്ത്യ ഒന്നാമതെത്തി. അഞ്ച് സ്വർണ്ണവും ആറ് വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെയാണ് ഇന്ത്യ ഈ നേട്ടം കൈവരിച്ചത്.

**********************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് -  റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30 ന് ഡൽഹിയിലാണ് മത്സരം.

**********************

## MARATION

രണ്ട് മണിക്കൂറിൽ താഴെ സമയത്തിൽ മാരത്തൺ പൂർത്തിയാക്കുന്ന ആദ്യ അത്ലറ്റ് എന്ന ചരിത്ര നേട്ടം കുറിച്ച് കെനിയയുടെ സെബാസ്റ്റിയൻ സാവെ. 31 കാരനായ സാവെ, ലണ്ടൻ മാരത്തണിൽ ഒരു മണിക്കൂർ 59 മിനിറ്റ് 30 സെക്കൻഡിൽ ഫിനിഷിങ് പോയിന്റ്  കടന്നു. 2023-ൽ കെൽവിൻ കിപ്റ്റം സ്ഥാപിച്ച രണ്ട് മണിക്കൂർ മുപ്പത്തിയഞ്ച് സെക്കൻഡ് എന്ന റെക്കോർഡാണ് സാവെ തിരുത്തിയത്.

**********************

## DEFENCE MINISTER KILLING

ചാവേർ  ബോംബാക്രമണത്തിൽ മാലി പ്രതിരോധ മന്ത്രി കൊല്ലപ്പെട്ടു. തലസ്ഥാനമായ ബമാകോയ്ക്ക് സമീപമുള്ള വസതിയിൽ നടന്ന  ചാവേർ ആക്രമണത്തിലാണ് പ്രതിരോധ മന്ത്രിയായ  സാഡിയോ കമാര കൊല്ലപ്പെട്ടത്. രാജ്യത്തുടനീളം വിഘടനവാദികൾ   നടത്തി വരുന്ന  സംഘടിത കലാപങ്ങളുടെ  ഭാഗമായാണ് അക്രമണമെന്നാണ് റിപ്പോർട്ട്.

**********************

## MOSPI-SUMMIT

കേന്ദ്ര സ്ഥിതിവിവരക്കണക്ക്-പദ്ധതി നിർവ്വഹണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ 'ഭരണനിർവ്വഹണത്തിനായുള്ള അഡ്മിനിസ്ട്രേറ്റീവ് ഡാറ്റയുടെ ഏകോപനം' എന്ന വിഷയത്തിൽ ഈ മാസം 29 മുതൽ ഭുവനേശ്വറിൽ ദ്വിദിന ദേശീയ ഉച്ചകോടി സംഘടിപ്പിക്കും. കഴിഞ്ഞ വർഷം ഡിസംബറിൽ നടന്ന സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിന്റെ തുടർച്ചയായാണ് ഈ ഉച്ചകോടി. നയരൂപീകരണത്തിലും ഭരണനിർവ്വഹണത്തിലും വിവരങ്ങൾ കൂടുതൽ വിപുലമായി ഉപയോഗിക്കുന്നതു സംബന്ധിച്ച കർമ്മപദ്ധതികളെക്കുറിച്ച് ഉച്ചകോടി ചർച്ചചെയ്യും.

**********************

## Niyamasabha

നിയമസഭാ ദിനമായ ഇന്ന് രാവിലെ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിയമസഭാ സമുച്ചയത്തിൽ വാച്ച് ആൻഡ് വാർഡിന്റെ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു. തുടർന്ന് നിയമസഭയിലെ പ്രതിമകളിൽ പുഷ്പാർച്ചന നടത്തി. നിയമസഭാ ദിനാഘോഷങ്ങളുടെ ഭാഗമായി മെയ് 3 വരെ പൊതുജനങ്ങൾക്ക് നിയമസഭാ മന്ദിരവും മ്യൂസിയവും സന്ദർശിക്കാനാവശ്യമായ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**********************

***********

****